**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 854** **29-08-2022 - ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക തസ്തിക നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്ര സ്കൂളുകളിൽ അദ്ധ്യാപക തസ്തിക നിർണയം നടത്താനുണ്ട്; ആയത് സംബന്ധിച്ച് സ്കൂൾ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 22 മോഡൽ റസിഡൻഷ്യൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഹയർ സെക്കന്ററി വിഭാഗമുള്ള 9 സ്കൂളുകളിലും (എം.ആർ.എസ്/എച്ച്.എസ്.എസ്) സ്കൂൾ തലം വരെയുള്ള ഒരു സ്കൂളിലും തസ്തിക നിർണ്ണയം നടത്തുവാനുണ്ട്. സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br><u>ഹയർ സെക്കന്ററി</u><br><br>1. എം.ആർ.എസ്. മുക്കാലി, അട്ടപ്പാടി, പാലക്കാട് (ബാച്ച് - സയൻസ് -1, ഹ്യുമാനിറ്റീസ് - 1)<br>2. ആശ്രമം സ്കൂൾ, മലമ്പുഴ (ബാച്ച് - ഹ്യുമാനിറ്റീസ് - 1)<br>3. എം.ആർ.എസ് ഏറ്റുമാനൂർ (ബാച്ച് - കൊമേഴ്സ് - 1, ഹ്യുമാനിറ്റീസ് - 1)<br>4. എം.ആർ.എസ് കുളത്തുപ്പുഴ (ബാച്ച് - സയൻസ് - 1, കൊമേഴ്സ് - 1)<br>5. ഏകലവ്യ എം.ആർ.എസ്, ഇടുക്കി (ബാച്ച് - ഹ്യുമാനിറ്റീസ് - 1)<br>6. ഇന്ദിര ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ നിലമ്പൂർ (ബാച്ച് - കൊമേഴ്സ് - 1)<br>7. എം.ആർ.എസ് കണിയാമ്പറ്റ (ബാച്ച് - സയൻസ് - 1, ഹ്യുമാനിറ്റീസ് - 1)<br>8. എം.ആർ.എസ്. നല്ലൂർനാട്, വയനാട് (അധിക ബാച്ച് - ഹ്യൂമാനിറ്റീസ് - 1)<br>9. രാജീവ് ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ, നൂൽപ്പുഴ (ബാച്ച് - ഹ്യുമാനിറ്റീസ് - 1)<br><br><u>സ്കൂൾ തലം</u><br><br>1. സാവിത്രി ഭായി ആശ്രമം സ്കൂൾ, കാസർഗോഡ് |

| | | | |
|---|---|---|---|
| | | | |
| (ബി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ തസ്തിക നിർണയ നടപടികൾ പൂർത്തിയാകാത്തതിനാൽ 2010-ന് ശേഷം അനുവദിക്കപ്പെട്ട ഭൂരിഭാഗം പ്ലസ് ടു സ്കൂളുകളിലും/ ബാച്ചുകളിലും സ്ഥിരം അധ്യാപകർ ഇല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സ്ഥിരം അധ്യാപകരോ പ്രിൻസിപ്പാളോ ഇല്ലാത്തത് എം.ആർ.എസ്.കളിലെ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നില്ല. സ്ഥിരം അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ എല്ലാ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപായി ആവശ്യമായ അധ്യാപക തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഇക്കാരണത്താൽ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നില്ല. വകുപ്പിനു കീഴിലുള്ള ഹയർ സെക്കന്ററി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ വിജയ ശതമാനം സംസ്ഥാന ശരാശരിയേക്കാൾ ഏറെ മുന്നിലാണ്. |
| (സി) | സ്ഥിര അധ്യാപകരോ പ്രിൻസിപ്പാളോ ഇല്ലാത്തത് പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | സ്ഥിരം അധ്യാപകരോ പ്രിൻസിപ്പാളോ ഇല്ലാത്തത് എം.ആർ.എസ്.കളിലെ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നില്ല. സ്ഥിരം അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ എല്ലാ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപായി ആവശ്യമായ അധ്യാപക തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഇക്കാരണത്താൽ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നില്ല. വകുപ്പിനു കീഴിലുള്ള ഹയർ സെക്കന്ററി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ വിജയ ശതമാനം സംസ്ഥാന ശരാശരിയേക്കാൾ ഏറെ മുന്നിലാണ്. |
| (ഡി) | പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ വകുപ്പ് ഡയറക്ടേറ്റിൽ നിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; | (ഡി) | പ്രൊപ്പോസൽ ഹയർ സെക്കന്ററി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | തസ്തിക നിർണയം നടത്തി അടിയന്തരമായി സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ